പതിനാലാം കേരള നിയമസഭ

പതിനാറാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1333

31/10/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം<br>ശ്രീ കെ. വി. വിജയദാസ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപ 3 കോടി രൂപ വീതം അനുവദിച്ച സ്കൂളുകളിൽ എത്ര സ്കൂളുകളുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട് ജില്ലതിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ; | (എ) 5 കോടി കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകളിൽ 8 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തു. (തിരുവനന്തപുരം - 1, മലപ്പുറം -2,കോഴിക്കോട് - 1, വയനാട്- 1, കണ്ണൂർ- 2,കാസർഗോഡ് - 1) 3 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഈ മാസം കൈമാറ്റം ചെയ്യും. 48 സ്കൂളുകളിൽ 60% ലധികം പണികൾ പൂർത്തിയായിട്ടുണ്ട്.<br>അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായ സ്കൂളുകളിൽ 7 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഒരു സ്കൂൾ കൂടി പൂർത്തീകരിച്ച് ഈ മാസം കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 69% ൽ അധികം പണി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്<br>3 കോടി കിഫ്ബി ധനസഹായ ത്തോടെ 2018-19 ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV യായി INKEL നെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ INKEL ന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൈറ്റ്, കിറ്റ്കോ എന്നീ സ്ഥാപനങ്ങളെ നിലവിൽ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.കളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) & (സി) | 3 കോടി കിഫ്ബി ധന സഹായത്തോടെ 2017-18 ൽ ഭരണാനുമതി ലഭിച്ച സ്കൂളുകളിൽ 'കൈറ്റ്' പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിക്കാത്ത 39 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കൈറ്റ് DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 28 സ്കൂളുകളുടേയും തുടർ പ്രവർത്തനങ്ങൾക്കും SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. INKEL ന് കൈമാറ്റം ചെയ്ത 39 സ്കൂളുകളിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് മറ്റ് സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഇതുമൂലം വന്നു ചേർന്നിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

Namitha P

**സെക്ഷൻ ഓഫീസർ**